# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3627 — 20/06/2018-ൽ മറുപടിയ്ക്ക്

### ആയുർവേദ മരുന്നുകൾക്ക് ലൈസെൻസ് നൽകുവാൻ അതോറിറ്റി രൂപീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>,, സി.കെ.നാണു<br>,, കോവൂർ കുഞ്ഞുമോൻ<br>,, കെ.ബി.ഗണേഷ് കുമാർ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) കേരളത്തിൽ ആയുർവേദ മരുന്നുകൾക്ക് ലൈസൻസ് നൽകാൻ അതോറിറ്റി ഇല്ല എന്നത് മൂലം നിരവധി പ്രമുഖ ആയുർവേദ മരുന്ന് നിർമ്മാണ കമ്പനികൾ അവയുടെ പ്രവർത്തനം മറ്റു സംസ്ഥാനങ്ങളിലേക്ക് മാറ്റുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇങ്ങനെ ഒരു പ്രതിസന്ധി ഉടലെടുക്കാൻ കാരണം എന്താണെന്നു വ്യക്തമാക്കാമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പുതിയ പേറ്റന്റ് & പ്രൊപ്രൈറ്ററി ഉല്പന്നങ്ങൾക്ക് അംഗീകാരം തേടുന്നതിന് ഇതര സംസ്ഥാനങ്ങളിൽകൂടി ഔഷധ നിർമ്മാണ യൂണിറ്റ് തുടങ്ങി ലൈസൻസ് നേടിയശേഷം ഉല്പന്നങ്ങൾ കേരളത്തിൽ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br>ആയുർവേദ മരുന്നു നിർമ്മാണത്തിനുള്ള ലൈസൻസ് പുതുക്കുന്നതിനും പുതിയ ലൈസൻസ് നൽകുന്നതിനും ചുമതലയുള്ള ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദം) & ലൈസൻസിംഗ് അതോറിറ്റിയുടെ നിയമനം സംബന്ധിച്ച് ഒരു വർഷക്കാലമായി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ നിയമ നടപടികൾ നടന്നു വന്നിരുന്നതിനാൽ ഈ കാലയളവിൽ ലൈസൻസ് നൽകുവാൻ സാധിച്ചിരുന്നില്ല. എന്നാൽ 15/05/2018 ന് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് തീർപ്പായതിനെത്തുടർന്ന് 24/05/2018 ൽ താല്ക്കാലികമായി പുതിയ ലൈസൻസിംഗ് അതോറിറ്റിയെ നിയമിച്ച് ഉത്തരവാകുകയും ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതിനാൽ ലൈസൻസ് അനുവദിച്ച് നൽകുവാൻ ആരംഭിച്ചിട്ടുണ്ട്. |
| ബി) ഇതുമൂലം സംസ്ഥാനത്ത് ലൈസൻസ് ഫീസ് ഇനത്തിൽ എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായതായി | ബി) ഇതുമൂലം സംസ്ഥാനത്ത് ലൈസൻസ് ഫീസ് ഇനത്തിൽ കോടികളുടെ നഷ്ടം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

കണക്കാക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; എത്ര തൊഴിലവസരങ്ങൾ നഷ്ടമായിട്ടുണ്ട്; എത്ര കോടി രൂപയുടെ മൂലധന നിക്ഷേപമാണ് മറ്റ് സംസ്ഥാനങ്ങളിലേക്ക് ഒഴുകിയതായി കണക്കാക്കുന്നത്;

ലൈസൻസ് ലഭിക്കുന്നതിനായുള്ള 110 അപേക്ഷകളാണ് കഴിഞ്ഞ ഒരു വർഷക്കാലയളവിൽ തീരുമാനമാകാനുണ്ടായിരുന്നത്. പുതിയ ലോൺ ലൈസൻസിന് 600/- രൂപയും പുതിയ 25 ഡി ലൈസൻസിന് 1000/- രൂപയും പുതിയ ജി.എം.പി.യ്ക്ക് 2625/- രൂപയുമാണ് ഫീസ്. ഇതുപ്രകാരം അപേക്ഷകർ മൂന്ന് ലക്ഷം രൂപയുടെ ചെലാൻ ഫീസിനത്തിൽ ഒടുക്കിയിട്ടുണ്ട്.

**സി)** ഇത് സംബന്ധിച്ച് നിയമ നിർമാണത്തിന്റെ ആവശ്യമുണ്ടോ ; നിലവിലുള്ള ചട്ടങ്ങൾക്കുള്ളിൽ നിന്ന് അതോറിറ്റി രൂപീകരിക്കുന്നതിനോ ബദൽ സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനോ എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

**ഡി)** ആയുർവേദ മരുന്നുകൾക്ക് ലൈസെൻസ് നല്കാൻ അതോറിറ്റി രൂപീകരിക്കുന്നതിനും ഈ സംവിധാനം തടസ്സമില്ലാതെ പ്രവർത്തിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

**സി) യും ഡി) യും** ഇല്ല. ഔഷധ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയത്തിൽ അറിവും പ്രവർത്തി പരിചയവും ഉള്ള ഗവ.ആയുർവേദ കോളേജ് പ്രൊഫസറെ 24/05/2018 മുതൽ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദം) ആയി നിയമിക്കുകയും ലൈസൻസിംഗ് അതോറിറ്റിയായി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എ.എസ്.യു ലൈസൻസിംഗ് അതോറിറ്റിയെ സ്ഥിരമായി നിയമിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

**സെക്ഷൻ ഓഫീസർ**